വ്യവസായ പുരോഗതി

128(2166) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വ്യവസായ പുരോഗതിക്കായി നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) ജിം, എമർജിംഗ് കേരള, ബി ടു ബി മീറ്റ് എന്നിവ നടത്തിയതുവഴി സംസ്ഥാനത്ത് പുതുതായി ആരംഭിക്കാൻ കഴിഞ്ഞ വ്യവസായ സംരംഭങ്ങൾ ഏതൊക്കെ; ഇതുവഴി എത്ര തൊഴിൽ അവസരങ്ങൾ പുതുതായി സൃഷ്ടിക്കാൻ കഴിഞ്ഞു; എത്ര കോടി രൂപയാണ് ഇതുവഴി സംസ്ഥാനത്ത് നിക്ഷേപിക്കപ്പെട്ട തെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര പദ്ധതികൾക്ക് എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട് ; ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വ്യവസായ പുരോഗതിക്കായി വിവിധ ഏജൻസികൾ മുഖേന വ്യവസായ വകുപ്പ് നടപ്പാക്കിയ പരിപാടികൾ/ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കൊച്ചിയിൽ നടന്ന 'ജിം' എന്ന സംരംഭത്തിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്ക് വരുന്ന 96 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ വരുന്നതു മാത്രമായി ഏകദേശം 339.70 കോടി രൂപ മുതൽമുടക്കുവരുന്ന 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 3354 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപം 23,334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയുംകൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്. വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ.-കൾക്കായി കേരള ബിസിനസ് ടു ബിസിനസ് മീറ്റ് 2015 ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചിയിൽ വച്ച് നടത്തിയിരുന്നു. 2016-ലെ ബിസിനസ് ടു ബിസിനസ് മീറ്റ് ഫെബ്രുവരി 4 മുതൽ 6 വരെ കൊച്ചിയിൽ വച്ച് സംഘടിപ്പിച്ചു. ഈ രണ്ട് മീറ്റുകളിലും കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുമുള്ള ഭക്ഷ്യസംസ്കരണം, കൈത്തറി, ടെക്സ്റ്റയിൽസ് & ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, പരമ്പരാഗത മേഖലയിൽ നിന്നുള്ളവ അടക്കം 350-ഓളം ചെറുകിട ഉൽപ്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും പ്രദർശിപ്പിച്ചു.

(സി) എമർജിംഗ് കേരള നിക്ഷേപ സംഗമത്തിൽ താഴെപ്പറയുന്ന രണ്ടു പദ്ധതികൾക്ക് ധാരണാപത്രം ഒപ്പുവച്ചു :

1. Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL between BPCL and Government of Kerala.

2. To implement Advanced Diploma course in Automotive Mechatronics (ADAM) course at Government Engineering College, Barton Hill, Trivandrum- between Mercedez Benz and Higher Education Department, Government of Kerala.

മുകളിൽ പറഞ്ഞ പദ്ധതികളിൽ 12,000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എൽ. പദ്ധതി മൂലം നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ, കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് പരിശീലന പദ്ധതിയും ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly